22/6/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

DESPATCHED On 01/07/21

**ഹർജി നമ്പർ AP No. 611(1)/2020/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽനമ്പർ: 5310/SIC-G4/2020)**

**സന്നിഹിതൻ**
ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ

തീയതി : 2021 ജൂൺ 22

ശ്രീ. എസ്. സുരജ്,
എസ്.എൻ.വി. ബംഗ്ലാവ്,
പുത്തൻചന്ത, വർക്കല – 695 141.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
വില്ലേജ് ഓഫീസ്,
വർക്കല, തിരുവനന്തപുരം.

2) അപ്പീൽ അധികാരി & തഹസിൽദാർ(എൽ.ആർ),
താലൂക്ക് ആഫീസ്, വർക്കല,
തിരുവനന്തപുരം.
} എതിർകക്ഷികൾ

## അന്തിമഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 22/08/2020–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ വിശദീകരണം, 22.06.2021–ന് അപ്പീൽ ഹർജിക്കാരനെയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേട്ട വേളയിൽ കമ്മീഷൻ മുമ്പാകെ ടിയാളുകൾ ഉന്നയിച്ച വസ്തുതകൾ കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി 4.11.2020–ന് കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത് കമ്മീഷൻ ഉത്തരവിനെ തുടർന്ന് അപ്പീൽ ഹർജിക്കാരന് 30.10.2020–ന് മറുപടി നൽകിയിട്ടുണ്ടെന്നും, ഒന്നാം അപ്പീലിന് സമയബന്ധിതമായി മറുപടി നൽകാൻ കഴിയാതെ വന്നത് ക്വാറന്റൈൻ ഷെൽറ്റർ തയ്യാറാക്കുന്നതിന് വേണ്ടി മറ്റെല്ലാ ജോലികളും മാറ്റി വച്ച് കോവിഡ് പ്രതിരോധ സേനയിലേയ്ക്ക് ഓഫീസ് ഒന്നാകെ പ്രവർത്തിക്കേണ്ടി വന്നതിനാലും, തുടർന്നുള്ള

ലോക്ഡൗൺ മൂലവുമായിരുന്നുവെന്നും. മറുപടി നൽകുന്നതിൽ മന:പൂർവ്വം യാതൊരു വീഴ്ചയും എസ്.പി.ഐ.ഒ. എന്ന നിലയിൽ ഉണ്ടായിട്ടില്ല എന്നുമാണ്. അപ്പീൽ ഹർജിക്കാരൻ 12.11.2020-ന് കമ്മീഷനിൽ ലഭ്യമാക്കിയ പരാതിയിൽ ബോധിപ്പിച്ചത് എസ്.പിഐ.ഒ.യുടെ മേൽ മറുപടി തെറ്റായതും മന:പൂർവ്വം കളവായി നൽകിയതാണെന്നും ആയതിനാൽ ടിയാനെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്. ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, കോറിലേഷൻ രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ പഴയ സർവ്വെ നമ്പർ കണ്ടെത്തി ആവശ്യപ്പെട്ട വിവരം അപ്പീൽ ഹർജിക്കാരന് നൽകുന്നതിന് എല്ലാ ശ്രമങ്ങളും നടത്തിയെങ്കിലും കോറിലേഷൻ രജിസ്റ്ററിൽ നിന്നും റീസർവ്വെക്ക് മുമ്പുള്ള പഴയ സർവ്വെ നമ്പർ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെന്നും രേഖകൾ ലഭ്യമാക്കുന്നതിന് മറ്റ് സമീപ താലൂക്കുമായും ബന്ധപ്പെട്ട് എല്ലാ ശ്രമങ്ങളും നടത്തിയിരുന്നുവെന്നുമാണ്. ടി വിശദീകരണം വസ്തുതാപരമാണെന്ന് കാണുന്നതിനാൽ ഒന്നാം എതിർകക്ഷിക്കെതിരെയുള്ള ശിക്ഷാനടപടി സ്വീകരിക്കുവാനുള്ള കമ്മീഷന്റെ താത്ക്കാലിക തീരുമാനം കമ്മീഷൻ അവസാനിപ്പിക്കുന്നു. എന്നാൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ടിയാന് മറുപടി നൽകിയതിന് ആധാരമായ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് എല്ലാ സഹായങ്ങളും ഒന്നാം എതിർകക്ഷി നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം ഇന്നേ ദിവസം 2021 ജൂൺ 22-ാം തീയതി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യവിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി